### പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 164

# നിങ്ങൾ ഒരു ആൾക്കൂട്ടമല്ല

## YOU ARE NOT A CROWD

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, ഉപാഖ്യാനം 164 നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ സമയത്തിന് വളരെ നന്ദി.

നാം സമൂഹത്തിൽ നിരീക്ഷിക്കുമ്പോൾ, നമുക്ക് തീർച്ചയായും ഒരു ആൾക്കൂട്ടമന:ശാസ്ത്രം(mob psychology) കാണാം. നാം ഒരു ആൾക്കൂട്ടത്തെ പിന്തുടരുന്നതുപോലെ തോന്നുന്നു. ഒരു സ്വതന്ത്ര വ്യക്തിയായി സ്വയം പെരുമാറുന്നവരെ നമുക്ക് വളരെ അപൂർവമായേ കാണാൻ പറ്റൂ. അപ്പോൾ, ധാരാളം പേർ അനുഗാമികൾ അഥവാ അനുകർത്താക്കൾ ആണ്.



ഇത്തരം ആളുകളെ നിരീക്ഷിച്ചാൽ നമുക്ക് നിശ്ചയമായും മനസ്സിലാവും, നാം അവരുടെ മതപരമായ കാഴ്ചപ്പാടുകൾക്ക്, മുൻധാരണകൾക്ക്, മൂല്യങ്ങൾക്ക് എതിരായി എന്തെങ്കിലും പറഞ്ഞാൽ അവർ നമുക്കെതിരെ തിരിയുന്നു. എല്ലാം നമുക്കെതിരാവും. ഇനി, നമുക്കെതിരായി നിൽക്കുന്ന വ്യക്തി പറയുന്നത് ഒരു പക്ഷേ ശരിയാവാം. എന്നാൽ, നമ്മുടെ ഈഗോക്ക് മുറിവേൽക്കുന്നു. അതുകൊണ്ട്, നാം സ്വതന്ത്ര വ്യക്തികളല്ല.

എന്തുകൊണ്ടാണിത്? എന്തുകൊണ്ടെന്നാൽ, സത്യം നിങ്ങളുടെ മൗനത്തിൽ മാത്രമേ വെളിവാകൂ. സത്യം എല്ലായ്പോഴും ആൾക്കൂട്ടത്തിന്റെ ധാരണകൾക്കെതിരാണ്. ഇത് പ്രധാനമാണ്. ആൾക്കൂട്ടത്തിന് പല വിശ്വാസങ്ങളുമുണ്ടാവാം, എന്നാൽ ആ വിശ്വാസങ്ങൾ അപ്പാടെ സത്യവിരുദ്ധമാവാം. വാസ്തവത്തിൽ, സത്യം വൈയക്തികമാണ്. ആൾക്കൂട്ടത്തിന് സത്യമൊന്നും വിഷയമേയല്ല. അതിന് സാന്ത്വന(consolation)ത്തിലാണ് ശ്രദ്ധ. അത് സൗകര്യമാണ് പരിഗണിക്കുക.

സൂക്ഷനിരീക്ഷണത്തിൽ നിങ്ങൾക്ക് അറിയാനാവും, ആൾക്കൂട്ടത്തിൽ പര്യവേഷ കരോ സാഹസികരോ കാണില്ല. ഇല്ല. അജ്ഞാതമായത് തേടുന്ന ആളുകൾ നിർഭയരാണെന്ന് നമുക്ക് കാണാം. ജീവിതത്തിന്റെ പൊരുളും പ്രസക്തിയും കണ്ടെ ത്തുന്നതിനായി, സമഗ്ര അസ്തിത്വത്തിന്റെയും അർത്ഥം കണ്ടെത്തുന്നതിനായി, അവർ അവരുടെ മുഴുവൻ ജീവിതവും ചെലവഴിക്കുന്നു. നോക്കൂ!

നേരെ മറിച്ച്, ആൾക്കൂട്ടം ഇത്തരം ആശയങ്ങളെയോ തോന്നലുകളെയോ സ്വീകരി ക്കില്ല. കേൾക്കാൻ മധുരമുള്ള, സൗകര്യമുള്ള, സുഖകരമായ കാര്യങ്ങളാണ് ആൾക്കൂട്ടം ഇഷ്ടപ്പെടുക, അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും ശ്രമമില്ലാത്തവ ണ്ണം. സാന്ത്വനിപ്പിക്കുന്ന നുണകളിൽ അ വർക്ക് ഇളവേൽക്കാനാവും അപ്പോൾ. അറ്റു തരത്തിൽ പറഞ്ഞാൽ, ആൾക്കൂട്ടം നമ്മെ കള്ളം പറയാനായി അഥവാ അസത്യം പറയാനായി പ്രേരിപ്പിക്കുന്നു, അതവരെ സന്തോഷിപ്പിക്കുന്നു, അപ്പോൾ എന്തുതന്നെ ആയാലും ഒരു തരത്തിലുള്ള പ്രയത്നവും അവരുടെ ഭാഗത്തുനിന്ന് വേണ്ടിവരുന്നില്ല.

അതിനാൽ, സൊരാഷ്ട്രർ പറയുന്നു, നിഷ്കളങ്കരായി മരിക്കുക, അപ്പോൾ ആ മര ണത്തിനും അപാരമായ ഒരു മൂല്യമുണ്ടാവും. നിങ്ങളുടെ അറിവ് വശത്തേക്ക് മാറ്റിവയ്ക്കുക, എന്തുകൊണ്ടെന്നാൽ അത് കടം കൊണ്ടതാണ്. നിങ്ങളുടെ ഈശ്വ രനെ വശത്തേക്ക് മാറ്റിവയ്ക്കുക, എന്തു കൊണ്ടെന്നാൽ അത് ഒരു വിശ്വാസം മാത്രമാണ്, അല്ലാതെ മറ്റൊന്നുമല്ല. സ്വർഗത്തെക്കുറിച്ചോ നരകത്തെക്കു റിച്ചോ ഉള്ള ആശയങ്ങളൊക്കെ മാറ്റിവയ്ക്കുക, എന്തുകൊണ്ടെന്നാൽ അവ നിങ്ങളുടെ ദുരാഗ്രഹവും ഭീതിയും മാത്രമാണ്. ഇവയാണ് സൊരാഷ്ട്രർ അവതരിപ്പിച്ച വീക്ഷണങ്ങൾ. അതെത്ര ശരി യാണ്!



നാം നരകത്തെക്കുറിച്ച് സംസാരിക്കുന്നു, എന്തുകൊണ്ടെന്നാൽ നാം ആർത്തിയു ള്ളവരാണ്. നാം നരകത്തെക്കുറിച്ച് സംസാരിക്കുന്നു, എന്തുകൊണ്ടെന്നാൽ നാം ഭയ ചകിതരാണ്. ഈശ്വരനെക്കുറിച്ചുള്ള നമ്മുടെ എല്ലാ സങ്കൽപങ്ങളും നമ്മുടെ വിശ്വാ സപദ്ധതിയെ ആധാരമാക്കി മാത്രമാണ്. ജ്ഞാനം, നമ്മുടെ അറിവ്, രണ്ടാംകിട വിവരം(second-hand information) മാത്രമാണ്. തത്ഫലമായി എന്തു സംഭവി ക്കുന്നു? പ്രാർത്ഥന. ജീവിതക്ലേശങ്ങളിൽ പ്രാർത്ഥന മാത്രമാണ് സാന്ത്വനകരമായിട്ടു ള്ളത്. ജീവിതത്തിന്റെ ഉത്കണ്ഠകളിൽ, നാം ഈശ്വരൻ വന്ന് നമ്മെ രക്ഷിക്കു

ന്നതിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നു, നമ്മെ രക്ഷിക്കുന്നതിന്, ഒരു തരം സാന്ത്വന മായി, എന്തുകൊണ്ടെന്നാൽ നാം അത്രയധികം ആധികളുടെയും പിരിമുറുക്കങ്ങളുടെയും മധ്യേ ആണ്.

ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ട്, നിങ്ങൾ സൊരാഷ്ട്രറുടെ വാക്കുകൾ ശ്രദ്ധിക്കുകയാണെങ്കിൽ, നിങ്ങൾക്ക് കാണാം അദ്ദേഹത്തിന്റെ വാക്കുകൾ സിംഹ



ഗർജ്ജനം പോലെയാണ്, ആ വാക്കുകൾ ഒരു കുട്ടിയുടെ കൊഞ്ചലുകൾ പോലെയാണ്. ആ വാക്കുകൾ തികച്ചും നിഷ്കളങ്കമാണ്. ആ വാക്കുകൾ പുറപ്പെടുന്നത് ശിരസ്സിൽനിന്നല്ല, അദ്ദേഹത്തിന്റെ കേവല സ്വത്വത്തിൽ(very being)നിന്നാണ്. നാം സൊരാഷ്ട്രറെ കേൾക്കേണ്ടത് നിശ്ശബ്ദതയിലാണ്, അദ്ദേഹവുമായി ഐകമത്യത്തിലായിട്ട്.

അദ്ദേഹം എന്തുകൊണ്ടാണ് ഇപ്രകാരം സംസാരിക്കുന്നത്? സൊരാഷ്ട്രർ അനുയായികളെ തേടുന്ന ആളല്ലായിരുന്നു. പക്ഷേ അദ്ദേഹം അനുഗാമികളെ, സുഹൃത്തുക്കളെ, പിന്നെ സഹയാത്രികരെ തേടുകയായിരുന്നു. അദ്ദേഹം വിശ്വാസികളെ തേടുകയല്ലായിരുന്നു. നിങ്ങളുടെ അനുഭവത്തിന് സത്യമായതു മാത്രമാണ് അദ്ദേഹം പറയുന്നത്.

ഒരു താരതമ്യം നടത്തുകയാണിവിടെ. പുലരിയിൽ ഒരു റോസാ മുകുളം കാണുക. ആ പനീർമൊട്ട് സാവധാനം വിടരുകയാണ്. ആ നേരത്ത് അതിലൊരു മഞ്ഞുതുള്ളി പതിക്കുന്നു. സൂര്യരശ്മികളുടെ തിളക്കം കാരണം, ഈ മഞ്ഞുതുള്ളികൾ മുത്തുകൾ പോലെ തോന്നിക്കുന്നു. പനീർമൊട്ട് ആനന്ദത്താൽ തുള്ളിച്ചാടുകയും നൃത്തം വയ്ക്കുകയും ചെയ്യുകയാണെന്ന് തോന്നുന്നു.

എന്തുകൊണ്ട്? എന്താണിതിനു പിന്നിലെ ഉദ്ദേശ്യം? നാമെത്ര നിസ്സാരരാണ്! ഇത് ആൾക്കൂട്ട മന:ശാസ്ത്ര(mob psychology)മാകുന്നു. ഇതൊരു ആൾക്കൂട്ട മനോഭാവമാകുന്നു. എന്തിനാണ് നിങ്ങൾ പനീർമൊട്ടിനോട് അങ്ങനെ ചോദിക്കുന്നത്? നിങ്ങൾക്ക് ചോദിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? അതൊരു ശരിയായ ചോദ്യമാണോ? തെറ്റ്. അത് അത്രമേൽ സന്തോഷമായിരിക്കുന്നത്, അത്യാനന്ദത്തിലിരിക്കുന്നത് എന്തുകൊണ്ടെന്നാൽ, പനീർമൊട്ട് വിടരുമ്പോൾ, മഞ്ഞുതുള്ളി പുലരിയുടെ ആദ്യമുഹൂർത്തങ്ങളിൽ മുത്തുപോലെ തിളങ്ങുന്നതാണ്.

ഇവിടെ അർത്ഥമൊന്നുമില്ല, എന്തെങ്കിലും ഉദ്ദേശ്യവും ഇല്ല ഇവിടെ. അത് പണമൊന്നും നേടാൻ പോവുന്നില്ല, അതിനാൽ അതിന് ഒരു ഉദ്ദേശ്യവും ഇല്ല. കീർത്തിയോ ആദരവോ അതിന്റെ ലക്ഷ്യമല്ല. പനീർമൊട്ട് ഒരു സദസ്സിന്റെ കരഘോ

ഷത്തിനായി കാത്തിരിക്കുകയുമല്ല. ഈ നൃത്തം തന്നെ അതിന്റെ മൂല്യം. പനീർമൊട്ടിന്റെ നൃത്തത്തിന് അതിനുള്ളിൽത്തന്നെ ഒരു മൂല്യമുണ്ട്. അതൊരു ആനന്ദമാണ്. അതൊരു വസ്തുവല്ല. ദയവായി ഇത് മനസ്സിലാക്കുക. നൃത്തം തന്നെയാണ് പുരസ്കാരവും. ശരി, നിങ്ങൾ ചോദിച്ചേക്കാം, എന്തിന്? എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ, സഹജമൂല്യങ്ങൾ(intrinsic values) പുറത്തല്ല, ദയവായി ഓർക്കുക. ദയവായി ഇത് മനസ്സിലാക്കുക. അവ പുറത്തല്ല, അകത്തു മാത്രമാണ്.

ജീവിതത്തിന് യുക്തിയൊന്നുമില്ല. അയാൾ ജീവിതത്തിന് കാരണം ആരായുകയാണ്. ഇല്ല. നമുക്ക് ജീവിതം ശീലമായതുകൊണ്ടല്ല നാം ജീവിതത്തെ സ്നേഹിക്കുന്നത്. ഞാൻ ജീവിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് ഞാൻ ജീവിതത്തെ സ്നേഹിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞേക്കാം. അത് തെറ്റാണ്. ജീവിതം ഒരു ശീലമല്ല. നാം ജീവിക്കുന്നത് ശീലമാക്കിയിരിക്കുകയല്ല. സ്നേഹിക്കുന്നതാണ് നമ്മുടെ ശീലം. ജീവിതം ഒരു ശീലമല്ല. ജീവിതം ഒരു അവസരമാകുന്നു; അത് പ്രേമത്തിന്റെ പനീർപ്പൂക്കൾ വിടരുന്ന മണ്ണാണ്. പ്രേമം സ്വയം മൂല്യവത്താണ്.




നിങ്ങൾ ചോദിച്ചേക്കാം, എന്താണ് സ്നേഹത്തിന്റെ ലക്ഷ്യം? ഒരു ലക്ഷ്യവുമില്ല. അതിന് അർത്ഥമൊന്നുമില്ല, പക്ഷേ സ്നേഹത്തിന് അപാരമായ പ്രസക്തിയുണ്ട്. അതിന് വലിയ ആനന്ദമുണ്ട്. അതിന് അതിന്റേതായ പരമാഹ്ലാദമുണ്ട്. സ്നേഹം ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും പരിഗണിക്കുന്നതിനുള്ള ഒരു കച്ചവടമല്ല. അല്ല. അപ്പോൾ, പ്രേമം ഒരു ബിസിനസ് അല്ല, ഒരു സാഹചര്യത്തിലും. നാമിത് മനസ്സിലാക്കണം.

സ്നേഹത്തിൽ എല്ലായ്പോഴും ഒരു ഉന്മാദമുണ്ട്. ഈ ഉന്മാദത്തിന് കാരണമെന്തെന്നാൽ, നിങ്ങൾ എന്തിന് സ്നേഹിക്കുന്നു എന്ന് നിങ്ങൾക്ക് തെളിയിക്കാനാവില്ല എന്നതാണ്. നിങ്ങൾക്കത് തെളിയിക്കാനാവുമോ? നിങ്ങൾക്ക് നിങ്ങളുടെ പ്രേമത്തിന് യുക്തിഭദ്രമായ ഒരു മറുപടിയും നൽകാനാവില്ല. പ്രേമമെന്നത് അവനവന്റെ ഉള്ളിലെ ഏറ്റവും സുന്ദരമായ ഇടം അനുഭവിക്കലാണ്. അത് അവനവന്റെ തന്നെ ഉള്ളിലാണ്, ദയവായി ഈ വസ്തുത ശ്രദ്ധിച്ചാലും. ഈ ഇടം മസ്തിഷ്കപരമല്ല, അതിന് ശിര

സ്സുമായി ബന്ധമില്ല. ആ ഇടത്തെ ഒരു വസ്തുവാക്കി പരിവർത്തനം ചെയ്യാനാവില്ല. ഇല്ല. സ്നേഹം ജീവിതത്തിന്റെ നർത്തനമാകുന്നു.
സ്നേഹം ഭ്രാന്തായി തോന്നാം. അല്ല. ലൗകിക മനസ്സിന്, കണക്കു കൂട്ടുന്ന മനസ്സിന്,




കംപ്യൂട്ടർ മനസ്സിന്, ഗണിതജ്ഞന്, സാമ്പത്തിക വിദഗ്ദ്ധന് അഥവാ ഒരു രാഷ്ട്രീയ ക്കാരന്, അതെ, സ്നേഹം ഭ്രാന്താണ്. പക്ഷേ, സ്നേഹം ജീവിതത്തിലെ ഏറ്റവും വലിയ സാന്ത്വനശക്തിയാകുന്നു. നാം ആൾക്കൂട്ടത്തിനിടയ്ക്ക് താമസിക്കുന്ന കാര ണത്താൽ, നമുക്ക് നമ്മുടെ സ്വത്വം നഷ്ടമായിരിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കുന്ന തെങ്ങനെ എന്ന് നാം മറന്നുപോയിരിക്കുന്നു. നാം അന്ധരായ അനുഗാമികളാവാൻ, അനുകർത്താക്കളാവാൻ ഇഷ്ടപ്പെടുന്നു. എന്തുകൊണ്ട്? നമുക്കറിയില്ല. ആരെങ്കിലും ഇത് നമ്മുടെ മുഖത്തു നോക്കി തുറന്നു പറയുകയാണെങ്കിൽ, നമുക്കത് ഇഷ്ടമാ വില്ല കാരണം നമ്മുടെ ഈഗോയ്ക്ക് മുറിവേൽക്കുന്നു.

അതിനാൽ, സത്യവും പ്രേമവും പോലെ ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള മൂ ല്യങ്ങൾ, മൗനത്തിന്റെ പരമാവസ്ഥയിൽ അറിയാനുള്ളവയാണെന്ന് വളരെ വ്യക്ത മാണ്, ഇവ സഹജഗുണങ്ങളാ(intrinsic values)ണ്. അവ കറൻസിയുടെയോ നാണ യക്കിലുക്കത്തിന്റെയോ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടവയല്ല. അവ ഏത് വാണിജ്യ ഇടപാടുകൾക്കും അതീതമാകുന്നു.
ഇക്കാരണത്താലാണ് സൊരാഷ്ട്രർ പോലെയുള്ള മഹാന്മാക്കൾക്ക് ജനം ചെവി കൊടുക്കാത്തത്, എന്തുകൊണ്ടെന്നാൽ ഇത്തരക്കാരെ അവർക്ക് പഥ്യമല്ല. നിങ്ങൾ കേൾക്കുന്നോ ഇല്ലയോ എന്നതൊന്നും അവരുടെ വിഷയമല്ല, കാരണം അവർ സംസാരിക്കുന്നത് സത്യമല്ലാതെ മറ്റൊന്നല്ലെന്ന് പരിപൂർണ ബോധ്യമുള്ളവരാണവർ.

അതുകൊണ്ട്, അവർക്ക് അവരാഗ്രഹിക്കുന്നത്, അവർക്ക് തോന്നുന്നത്, അവരനുഭവിക്കുന്നത്, തുറന്നു പറയാനുള്ള ചങ്കുറപ്പ്, ആത്മവിശ്വാസം ഉണ്ട്-നിങ്ങളുടെ വീക്ഷണങ്ങളെ, നിങ്ങളുടെ മുൻധാരണകളെ, നിങ്ങളുടെ ആശയങ്ങളെ വകവയ്ക്കാതെ.




അതുകൊണ്ട്, ആദ്ധ്യാത്മിക മേഖലയിൽ, നമുക്ക് ഒരു ആൾക്കൂട്ടത്തെയോ ജനാവലിയെയോ പിന്തുടരാനാവില്ല, എന്തുകൊണ്ടെന്നാൽ ആദ്ധ്യാത്മികത നിഷ്കർഷിക്കുന്നത് ആത്മാന്വേഷണ(Self-enquiry)മാണ്. ആത്മാന്വേഷണം ഒരു സമൂഹമായി ചെയ്യാനാവില്ല. ആത്മാന്വേഷണം ഒരു ആൾക്കൂട്ടത്തിലോ ജനാവലിയിലോ അസാധ്യം!

ആത്മാന്വേഷണം സാധ്യമാവുക ആൾക്കൂട്ട മന:ശാസ്ത്ര(mob-psychology)ത്തിന് അഥവാ ആൾക്കൂട്ട മനോഭാവത്തിന് പുറകേ പോവാത്ത വ്യക്തികൾക്കു മാത്രമാണ്. ഈ ആത്മാന്വേഷണം ഏതെങ്കിലും തരത്തിലുള്ള അംഗീകാരമോ ആദരവോ, അല്ലെങ്കിൽ പേരോ പ്രശസ്തിയോ കരഘോഷമോ പ്രതീക്ഷിക്കുന്നില്ല. ഒന്നുമില്ല! അത് നിങ്ങളുടെ സ്വന്തം തൃപ്തിക്കായിട്ടാണ്, നിങ്ങളുടെ സ്വന്തം ചാരിതാർത്ഥ്യത്തിനാണ്, നിങ്ങളുടെ സാധനയെന്ന നിലയ്ക്കാണ്.

നന്ദി. വീണ്ടും കാണാം.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)